"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-അനധികൃത കരിങ്കല്ല് ഖനനത്തിന് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. ജോർജ് ജോസഫ്, തെങ്ങണാംകുന്നേൽ വീട്, മൂന്നിലവ് പി.ഒ, കോട്ടയം സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.248/2026/ID   തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 08.09.2025-ലെ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 110/2025-26/DOKOT-DMG/1778/2023-M നമ്പർ നടപടിക്രമം
3. 11.09.2025-ലെ ശ്രീ. ജോർജ് ജോസഫ്, തെങ്ങണാംകുന്നേൽ വീട്, മൂന്നിലവ് പി.ഒ, കോട്ടയം സമർപ്പിച്ച അപേക്ഷ
4. 12.01.2026-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2445/2025-M1 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മൂന്നിലവ് വില്ലേജിൽ, ബ്ലോക്ക് നമ്പർ 57 ൽ റിസർവ്വെ നമ്പർ 149/1 ൽപ്പെട്ട 0.4478 ഹെക്ടർ സ്ഥലത്തുനിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ശ്രീ. ജോർജ് ജോസഫ്, തെങ്ങണാംകുന്നേൽ വീട്, മൂന്നിലവ് പി.ഒ, കോട്ടയം എന്ന വ്യക്തിയ്ക്ക് കോട്ടയം ജില്ലാ ഓഫീസിൽ നിന്നും 04/11/2022 തീയ്യതിയിൽ ക്വാറീയിംഗ് പെർമിറ്റ് അനുവദിച്ചിരുന്നു. ടി സ്ഥലത്തുനിന്നും അധികമായി ഖനനം ചെയ്ത നീക്കിയ 17,867 മെട്രിക് ടൺ കരിങ്കല്ലിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 45,88,080/- രൂപ ഒടുക്കുന്നതിന് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് പരാമർശം(2) ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും കടുത്ത ബുദ്ധിമുട്ടുകളും കാരണം ഒരുമിച്ച് മുഴുവൻ തുകയും അടയ്ക്കാൻ കഴിയാത്തതിനാൽ ഡിമാന്റ് തുക ഏഴ് ഗഡുക്കളായി അടയ്ക്കാനുള്ള സൗകര്യം അനുവദിക്കണമെന്നും ആദ്യ ഗഡു അടക്കുന്ന മുറക്ക് ഖനന പെർമിറ്റ് പുതുക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്നും ശ്രീ. ജോർജ് ജോസഫ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കുടിശ്ശിക ഈടാക്കുന്നതിന് ഗഡുക്കൾ അനുവദിക്കുന്നതിന് കെ.എം.എം.സി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആയത് പ്രകാരം അനുവദിക്കാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജോർജ് ജോസഫ്, തെങ്ങണാംകുന്നേൽ വീട്, മൂന്നിലവ് പി.ഒ, കോട്ടയം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ

മൂന്നിലവ് വില്ലേജിൽ, ബ്ലോക്ക് നമ്പർ 57 ൽ റിസർവ്വെ നമ്പർ 149/1 ൽപ്പെട്ട 0.4478 ഹെക്ടർ സ്ഥലത്തുനിന്നും അധികമായി ഖനനം ചെയ്തു നീക്കിയ 17,867 മെട്രിക് ടൺ കരിങ്കല്ലിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത ₹45,88,080/- (നാൽപ്പത്തി അഞ്ച് ലക്ഷത്തി എൺപത്തി എണ്ണായിരത്തി എൺപത് രൂപ മാത്രം) കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 115 പ്രകാരം ആറ് തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകിയും ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി യോഗ്യമെങ്കിൽ ക്വാറിയിംഗ് പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
ശ്രീ. ജോർജ് ജോസഫ്, തെങ്ങണാംകുന്നേൽ വീട്, മൂന്നിലവ് പി.ഒ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 07-03-2026 11:43:52
സെക്ഷൻ ഓഫീസർ